# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 - 26

## ഗണിതം

**ക്ലാസ് – 3** | **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

---

**കുട്ടിയുടെ പേര്** : .........................

**വിദ്യാലയത്തിന്റെ പേര്** : .........................

**ഡിവിഷൻ** : .........................

**ടീച്ചറുടെ ഒപ്പ്** : .........................

**രക്ഷിതാവിന്റെ ഒപ്പ്** : .........................


| ക്രമ നം. | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | എണ്ണാം എഴുതാം | |
| 2 | മൃഗശാലയിൽ | |
| 3A | ആയിരം ആയിരം | |
| 3B | കാർഡുകളി | |
| 4 | വിനോദയാത്ര | |
| 5A | എണ്ണം കണ്ടെത്താം | |
| 5B | പഴക്കട | |
| ഓവറോൾ ഗ്രേഡ് | | |

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 5 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതണം. പ്രവർത്തനങ്ങളിലെ ഉപപ്രവർത്തനങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- 3, 5 എന്നിവയിൽ ഓരോന്നിലും രണ്ട് പ്രവർത്തനങ്ങൾ വീതമുണ്ട്. അതിൽ **ഓരോന്നു വീതം** എഴുതിയാൽ മതി.




---

**പ്രവർത്തനം 1 എണ്ണാം എഴുതാം.**






© State Assessment cell - SCERT Kerala




a. ചിത്രത്തിലെ രൂപങ്ങൾ എണ്ണിയെഴുതുക.

| രൂപം | എണ്ണം |
|---|---|
|  | |
|  | |
|  | |


b. തുടർന്ന് വരുന്നത് വരച്ച് ചേർക്കൂ.


| | | | |
|---|---|---|---|
|  |  |  | ............. |


c. അടുത്തത് ഏത് ?


| | | | |
|---|---|---|---|
|  |  |  | ............. |

ശരിയുത്തരത്തിൽ '✓'അടയാളപ്പെടുത്തുക


A


B


C


D

© State Assessment cell - SCERT Kerala

**പ്രവർത്തനം 2 മൃഗശാലയിൽ**

മൃഗശാല സന്ദർശിക്കാൻ കുട്ടികൾ വന്നിട്ടുണ്ട്. കുട്ടികൾക്ക് കൊടുത്ത പ്രവേശന ടിക്കറ്റിലെ നമ്പറുകൾ ചുവടെ തന്നിരിക്കുന്നു.



| | |
|---|---|
| ബസ് 1 | 438 മുതൽ 490 വരെ |
| ബസ് 2 | 500 മുതൽ 553 വരെ |
| ബസ് 3 | 599 മുതൽ 608 വരെ |

**a.** ബസ് 1ൽ വന്ന കുട്ടികളുടെ എണ്ണം ചുവടെ കൊടുത്തവയിൽ ഏതാണ്?

| 490 – 438 + 1 | 490 – 438 – 1 | 490 – 438 | 490 – 439 |
|---|---|---|---|
| A | B | C | D |

**b.** ഏതുബസിലാണ് കൂടുതൽ കുട്ടികൾ വന്നത്?

**c.** മൂന്നുബസ്സിലുമായി വന്ന കുട്ടികളുടെ എണ്ണമെത്ര?

© State Assessment cell - SCERT Kerala

**പ്രവർത്തനം 3. A ആയിരം ആയിരം**

സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുപോകുന്ന ഓട്ടോ ചേട്ടന് മാസം **1000** രൂപയാണ് കൊടുക്കേണ്ടത്. ഓരോ കുട്ടിയും കൊടുത്ത നോട്ടുകളുടെ എണ്ണം 5 ആണ്. ചില നോട്ടുകളുടെ വില എഴുതിയിട്ടുണ്ട്. ബാക്കി നോട്ടുകളുടെ വില എഴുതി ചേർക്കൂ.

**a.**

| | | | | | |
|---|---|---|---|---|---|
| ഇഷാൻ | 200 | | | | |
| റിയ | 500 | | | | |
| ഐവാൻ | 100 | | | | |


**b.** മിഷ കൊണ്ടുവന്നത് 500ന്റെ ഒരു നോട്ടും പിന്നെ പത്തിന്റെ നോട്ടുകളുമാണ്. അവൾ കൊണ്ടുവന്ന നോട്ടുകളുടെ ആകെ എണ്ണത്തിന് ✓ അടയാളപ്പെടുത്തുക.

| 50 | 51 | 100 | 101 |
|---|---|---|---|

**c.** ഒരു പെട്ടിയിൽ 5, 10, 20, 50 എന്നീ നോട്ടുകൾ 2 വീതം ഉണ്ട്. ഇതിൽ നിന്നും 3 നോട്ടുകൾ എടുത്ത് ഉണ്ടാക്കാവുന്ന ഏറ്റവും ചെറിയ തുക എത്ര ?

© State Assessment cell - SCERT Kerala

**പ്രവർത്തനം 3. B കാർഡുകളി**




മനുവും കൂട്ടുകാരും കാർഡ് കളിക്കുകയാണ്. ഒരാൾക്ക് 3 കാർഡ് എടുക്കാം. കണ്ണടച്ചാണ് കാർഡ് എടുക്കേണ്ടത്. ഒരാൾ എടുക്കുന്ന മൂന്ന് കാർഡുകളിലെ സംഖ്യകൾ കൂട്ടുന്നതാണ് അയാൾക്ക് കിട്ടുന്ന പോയിന്റ്.

**a.** പോയിന്റ് പട്ടിക പൂർത്തിയാക്കൂ.

| കുട്ടി | കാർഡുകൾ | | | പോയിന്റ് |
|---|---|---|---|---|
| മനു | **200** | **110** | **165** | |
| സാം | **100** | **150** | | **360** |
| അനയ | **100** | | | **440** |


**b.** കൂട്ടുമ്പോൾ **1000** കിട്ടുന്ന 4 സംഖ്യാകാർഡുകൾ തന്നിട്ടുള്ളവയിൽ നിന്നും കണ്ടെത്തുക.

| |
|---|
| |

© State Assessment cell - SCERT Kerala

**പ്രവർത്തനം 4 വിനോദയാത്ര**

വിനോദയാത്രയ്ക്ക് ഓരോ കുട്ടിയും 625 രൂപയാണ് നല്കേണ്ടത്. മനുവും കൂട്ടുകാരും 625 രൂപ കൊടുത്തത് വ്യത്യസ്തരീതികളിലാണ്. മനുവിന്റെ കൂട്ടുകാർ കൊടുത്ത നോട്ടുകൾ ഏതൊക്കെയാണെന്ന് എഴുതുക.




**പ്രവർത്തനം 5. A എണ്ണം കണ്ടെത്താം**

ഒരു പഞ്ചായത്തിലെ രണ്ട് സ്കൂളിലെ കുട്ടികളുടെ എണ്ണമാണ് പട്ടികയിൽ.

**a)** ഓരോ സ്കൂളുലെയും കുട്ടികളുടെ എണ്ണം കണ്ടെത്തുക.

| ക്ലാസ് | സ്കൂൾ 1 | സ്കൂൾ 2 |
|---|---|---|
| ക്ലാസ് 1 | 110 | 109 |
| ക്ലാസ് 2 | 121 | 111 |
| ക്ലാസ് 3 | 123 | 130 |
| ക്ലാസ് 4 | 100 | 110 |
| **ആകെ** | | |

**b)** രണ്ടാമത്തെ സ്കൂളിൽ നിന്നും കുറെ കുട്ടികൾ ഒന്നാമത്തെ സ്കൂളിൽ ചേർന്നപ്പോൾ രണ്ട് സ്കൂളിലെയും കുട്ടികളുടെ എണ്ണം തുല്യമായി. എത്ര കുട്ടികളാണ് സ്കൂൾ മാറിയത്? ശരിയുത്തരത്തിൽ '✓' അടയാളപ്പെടുത്തുക

| | | | |
|---|---|---|---|
| 2 | 3 | 4 | 6 |
| A | B | C | D |



© State Assessment cell - SCERT Kerala

**പ്രവർത്തനം 5. B പഴക്കട**

മനുവിന്റെ അച്ഛന് ടൗണിൽ രണ്ടുപഴക്കടകൾ ഉണ്ട്. ഓണക്കച്ചവടത്തിന് ഈ കടകളിൽ നടന്ന നേന്ത്രപ്പഴവിൽപ്പനയുടെ വിവരം നല്കിയിരിക്കുന്നു.

| ദിവസം | കട 1 | കട 2 |
|---|---|---|
| ഒന്നാം ദിവസം | 212 കിലോ | 175 കിലോ |
| രണ്ടാം ദിവസം | 177 കിലോ | 215 കിലോ |
| മൂന്നാം ദിവസം | 208 കിലോ | 217കിലോ |

a) രണ്ടുകടകളിലെയും വിൽപ്പന ചേർത്ത് ഓരോ ദിവസത്തേയും മൊത്തവിൽപ്പന കണ്ടെത്തൂ.

| ദിവസം | മൊത്തവിൽപ്പന |
|---|---|
| ഒന്നാം ദിവസം | .........കിലോ |
| രണ്ടാം ദിവസം | ......... കിലോ |
| മൂന്നാം ദിവസം | ......... കിലോ |

ഏറ്റവും കൂടുതൽ വിൽപ്പന നടന്നത് .............. ദിവസമാണ്.

b) മൂന്നു ദിവസങ്ങളിലായി ഒന്നാമത്തെ കടയിൽ എത്ര കിലോഗ്രാം നേന്ത്രപ്പഴം വിറ്റു. ശരിയുത്തരത്തിൽ '✓' അടയാളമിടുക

| 617 | 607 | 597 | 587 |
|---|---|---|---|
| A | B | C | D |

c) മൂന്നുദിവസങ്ങളിലെ വിൽപ്പന കണക്കാക്കുമ്പോൾ ഏതു കടയിലാണ് കൂടുതൽ നേന്ത്രപ്പഴം വിറ്റത്?

© State Assessment cell - SCERT Kerala